LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബാർബർ ബ്യൂട്ടീഷ്യൻ തൊഴിലാളികൾക്ക് കേരള ബാർബർ-ബ്യൂട്ടിഷ്യൻസ് തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. പ്രസ്തുത പദ്ധതിയിൽ നിന്നും താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു :

1. വിവാഹ ആനുകൂല്യം
2. പ്രസവ ആനുകൂല്യം
3. മരണാനന്തര ആനുകൂല്യം
4. വിദ്യാഭ്യാസ ആനുകൂല്യം
5. പെൻഷൻ ആനുകൂല്യം

(ബി) കേരള ബാർബർ-ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമപദ്ധതിയിലെ പ്രതിമാസ പെൻഷൻ നിലവിൽ 600 രൂപയാണ്. ടി പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

(സി) കേരള ബാർബർ-ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമപദ്ധതിയിലെ അംഗങ്ങൾക്ക് അവരുടെ അംഗത്വകാലയളവിന് ആനുപാതികമായി റിട്ടയർമെന്റ് ആനുകൂല്യവും മരണമടയുന്ന അംഗത്തിന്റെ അവകാശിക്ക് 10,500 രൂപ മരണാനന്തര ആനുകൂല്യമായും നൽകിവരുന്നു. ഈ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

(ഡി) പരിഗണനയിലില്ല.

നോക്കുകൂലി

248 (2803) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ടി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നോക്കുകൂലി അവസാനിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ ഏതൊക്കെ ജില്ലയിൽ ഇനിയും ഇത് നടപ്പിലാക്കാൻ ഉണ്ട് ;

(സി) നോക്കുകൂലിക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടും ഇത്തരം സമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തൊക്കെ ശക്തമായ നടപടികൾ സ്വീകരിക്കാം എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കുന്നതിന് ചുമട്ടു തൊഴിൽ മേഖലയിൽ ഏകീകൃത ചുമട്ടു കൂലി പ്രാബല്യത്തിൽ വരുത്തുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. ഇതിൻപ്രകാരം ആറ് ജില്ലകളിൽ ഏകീകൃത ചുമട്ടു കൂലി നിലവിൽ വന്നിട്ടുണ്ട്. ബാക്കി ജില്ലകളിൽ ഏകീകൃത ചുമട്ടുകൂലി നിലവിൽ വരുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) ആലപ്പുഴ, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് ഏകീകൃത കയറ്റിറക്ക് കൂലി നടപ്പിലാക്കാനുള്ളത്.

(സി) ഉണ്ട്. നോക്കുകൂലി സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ പ്രശ്നത്തിൽ ഇടപെടുകയും ചുമട്ടുതൊഴിലാളികളുടെ തിരിച്ചറിയൽ കാർഡ് റദ്ദുചെയ്യുകയും അമിതമായോ, അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽ നിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങി കൊടുക്കുകയും തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ, ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിനു കൈമാറി ഉചിതമായ നിയമ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

കൽപ്പറ്റ ഇ.എസ്.ഐ. ആശുപത്രി

249 (2804) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ ഇ.എസ്.ഐ. ആശുപത്രി പ്രവർത്തന സജ്ജമായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ആശുപത്രി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly